**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5486** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഭദ്രത വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്ത് നിന്ന് തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിദേശത്ത് നിന്ന് തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | നോർക്ക-റൂട്ട്സിന്റെ പ്രവാസി ഭദ്രതാ വായ്പാ പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | നോർക്ക-റൂട്ട്സിന്റെ പ്രവാസി ഭദ്രതാ വായ്പാ പദ്ധതി പ്രകാരം 13906 സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (I)**

## നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതികൾ

**1.** നോർക്കാ വകുപ്പ് പ്രൊജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്

പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പപദ്ധതിയാണ് നോർക്ക വകുപ്പ് പ്രൊജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ വായ്പ നൽകി വരുന്നു.

**2.** പ്രവാസി ഭദ്രത

വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്ത പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തുന്നത് വ്യാപകമായതോടെ, തൊഴിൽ നഷ്ടപെട്ടവരെയും, കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാവിലക്കുകൾ മൂലം തിരിച്ച് തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവരെയും പുനരധിവസിപ്പിക്കുന്നതിലേക്കായി പ്രവാസി ഭദ്രതാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ തൊഴിൽ സാഹചര്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്ക് വരുമാനമാർഗ്ഗങ്ങളും ഉപജീവനോപാധികളും കണ്ടെത്തുന്നതിലേക്കായി 3 വിവിധ വായ്പാ പദ്ധതികളാണ് പ്രവാസി ഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(I) പ്രവാസി ഭദ്രതാ - പേൾ (നാനോ എന്റർപ്രൈസസ് അസ്സിസ്റ്റൻസ് സ്കീം) - അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽ പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ വായ്പ നൽകുന്നു.

(II) പ്രവാസി ഭദ്രതാ – മൈക്രോ (മൈക്രോ എന്റർപ്രൈസസ് അസ്സിസ്റ്റൻസ് സ്കീം)- ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കെ.എസ്.എഫ്.ഇ/ കേരള ബാങ്ക് മുഖാന്തരം ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സിഡി + 3% പലിശ സബ്സിഡി നൽകുന്നു.

(III) പ്രവാസി ഭദ്രതാ – മെഗാ (സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം) - വ്യവസായസംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തരം ഒരാൾക്ക് പരമാവധി 2 കോടിരൂപ വരെയുള്ള വായ്പകൾക്ക് 3.5% പലിശ സബ്സിഡി നൽകുന്നു.

## 3. നോർക്കാ അസ്സിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)

പ്രവാസികൾ ആർജ്ജിച്ച അറിവും പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗപ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകുകയും ആയതിലൂടെ ഒരു വർഷം ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ എങ്കിലും തിരികെ വന്ന പ്രവാസികൾക്ക് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്കാ അസ്സിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME).